03-12-2022

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Sreekala S** **Editor : Dr. Saritha Vijayan K.**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-03/12/2022.

1. കരകുളം ഗ്രാമപഞ്ചായത്തിന്റെ നാളികേര വികസന പദ്ധതിയുടെ കീഴിൽ തെങ്ങിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും ബന്ധിപ്പിക്കുന്നതിനായി സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി, ജലസേചന സൗകര്യങ്ങൾ രോഗം ബാധിച്ച് ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുൽപാദനശേഷിയുള്ള തെങ്ങിൻതൈകൾ വച്ച് പിടിപ്പിക്കൽ, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനം മുതലായ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ സ്ഥലത്ത് കേരഗ്രാമം പദ്ധതി തുടർച്ചയായി മൂന്ന് വർഷം നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ പഞ്ചായത്ത് തല ഉദ്ഘാടനം ഡിസംബർ ആറിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വക്കേറ്റ് ജി ആർ അനിലിന്റെ അധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കും

2. ഡിസംബർ 5 ലോക മണ്ണ് ദിനത്തോടനുബന്ധിച്ച് പാറോട്ടുകോണം ജില്ലാ മണ്ണുപരിശോധന ശാലയുടെയും സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാലയുടെയും ആഭിമുഖ്യത്തിൽ ഡിസംബർ 5-ന് പട്ടം ജില്ലാ പഞ്ചായത്ത് ഹാളിൽ വച്ച് ജില്ലാ പഞ്ചായത്ത് വഴിയുള്ള 33 ക്യാമ്പയിനുകളുടെ ഉദ്ഘാടനവും 06-ന് കരകുളം കൃഷിഭവനിൽ കേരഗ്രാമത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് സൗജന്യ മണ്ണ് പരിശോധനാ ക്യാമ്പയിനും സംഘടിപ്പിച്ചിരിക്കുന്നു.

3. കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ കാർഷിക യന്ത്ര പ്രവർത്തനം, അറ്റകുറ്റപ്പണി എന്നിവയിൽ 20 ദിവസത്തെ പരിശീലനം നൽകുന്നു. സംസ്ഥാനത്തെ ഓരോ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കുന്ന തൊഴിൽ രഹിതരായ ഐടിഐ/ വി എച്ച് എസ് ഇ ഓട്ടോമൊബൈൽ എൻജിനീയറിങ്, ഡീസൽ മെക്കാനിക്, മെക്കാനിക് അഗ്രികൾച്ചർ മെഷീനറി, മെക്കാനിക്കൽ സർവീസിങ് ആൻഡ് അഗ്രോമെഷീനറി, ഫാം പവർ എൻജിനീയറിങ്, മെക്കാനിക്ക് ട്രാക്ടർ എന്നീ ട്രേഡിൽ കോഴ്സ് പാസായവർക്കാണ് പരിശീലനം. പ്രായപരിധി 18 -35 വയസ്സ്. താൽപര്യമുള്ളവർ ഡിസംബർ അഞ്ചിന് വൈകിട്ട് അഞ്ചുമണിക്ക് മുൻപായി കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ spokksasc1@gmail.com എന്ന ഇമെയിൽ വഴി അപേക്ഷകൾ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 8281200673 എന്ന നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. ഡിസംബർ ഒന്നു മുതൽ കൂട്ടിയ പാൽവില കർഷകർക്കാണ് ഗുണകരമായതെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. പോത്തൻകോട് പഞ്ചായത്തിൽ നടപ്പിലാക്കിയ മാതൃകാ മൃഗസംരക്ഷണ പഞ്ചായത്ത് പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. 80 ശതമാനത്തിലേറെ തുകയും കർഷകന് കിട്ടുന്ന തരത്തിൽ വിഭാവനം ചെയ്ത വിലവർധനയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. പാൽ, മുട്ട, ഇറച്ചി ഉത്പ്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുക എന്ന വലിയ ലക്ഷ്യം മുൻനിറുത്തി മൃഗപരിപാലന രംഗത്തുള്ളവരെ സഹായിക്കാനുള്ള പദ്ധതിയാണ് മാതൃകാ പഞ്ചായത്ത് പദ്ധതി .പോത്തൻകോട് പഞ്ചായത്തിലെ കല്ലൂർ മൃഗാശുപത്രി മുഖേന നടപ്പിലാക്കുന്ന പദ്ധതി വഴി 18 പേർക്ക് 18 കിടാരികൾ വാങ്ങാൻ 12500 രൂപ വീതം സബ്സിഡി, ഒൻപത് വനിതകൾക്ക് ഓരോരുത്തർക്കും 5 പെണ്ണാടും ഒരു മുട്ടനാടും വാങ്ങാൻ 25000 രൂപ വീതം സബ്സിഡി, 50 സ്കൂൾ കുട്ടികൾക്ക് 5 കോഴികൾ വീതം എന്നിവ പരിപാടിയുടെ ഭാഗമായി വിതരണം ചെയ്തു.

5. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ചോപ്പിംഗ് മെഷീൻ ഡിസംബർ 09-ന് രാവിലെ 11 മണിക്ക് ഫാം പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നു. താൽപര്യമുള്ളവർ ലേല സമയത്തിന് മുമ്പായി ആയിരം രൂപ നിരതദ്രവ്യമായി ഓഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. തിരുവനന്തപുരം, പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് **ഡിസംബർ 5 മുതൽ ഡിസംബർ 16 വരെ**യുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ സ്വയം തൊഴിൽ സംരംഭകർക്കും വീട്ടമ്മമാർക്കുമായി ക്ഷീരോൽപന്ന നിർമ്മാണത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ **ഇന്ന് (ഡിസംബർ 3-ാം** തിയതി) വൈകുന്നേരം 5 മണിക്കു മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ. തിരുവനന്തപുരം - 695004 എന്ന മേൽവിലാസത്തിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ, **0471 – 2440971** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ** ഡിസംബർ 05 മുതൽ 09 വരെ അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം, റബ്ബർകോമ്പൗണ്ടിങ്, പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ വിഷയങ്ങളിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

**കാർഷിക നിർദ്ദേശങ്ങൾ**

8. വഴുതന വർഗ്ഗ വിളകളിൽ (വഴുതന, തക്കാളി, മുളക്) നട്ടു ഒരു മാസത്തിനു ശേഷം ഒരു സെന്റിന് 170 ഗ്രാം യൂറിയ, 80 ഗ്രാം പൊട്ടാഷ് എന്നിവ മേൽവളമായി നൽകാവുന്നതണ്.

9. വെണ്ടയിൽ ഇലപ്പുള്ളിരോഗം കണ്ടുവരുന്നുണ്ട്. ഇത് നിയന്ത്രിക്കുന്നതിനായി ട്രൈക്കോഡെർമ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. രോഗം മൂർച്ഛിക്കുകയാണെങ്കിൽ മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ചുകൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം